"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- കോട്ടയം ജില്ലയിലെ വൈക്കം നിയോജക മണ്ഡലത്തിലെ തീരദേശറോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**851/2024/F&P** തീയതി,തിരുവനന്തപുരം, **05-12-2024**

---

പരാമർശം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ **23/11/2024**-ലെ എച്ച്.ഇ.സി.ഇ/**2/2024**-ഡി.**3** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശിപാർശ പരിഗണിച്ച് കോട്ടയം ജില്ലയിലെ വൈക്കം നിയോജക മണ്ഡലത്തിലെ ചെമ്പ് ഗ്രാമപഞ്ചായത്തിലെ മുറിഞ്ഞപുഴ - കൂമ്പേൽ കലുങ്ക് റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയ്ക്ക് **2024-25** സാമ്പത്തിക വർഷത്തെ "**4405-00-103-94**-തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും **25.44** ലക്ഷം രൂപയുടെ (ഇരുപത്തിയഞ്ച് ലക്ഷത്തി നാല്പത്തിനാലായിരം രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ANILETHA G**

Signed by Aniletha G

Date: 05-12-2024 16:14:51

അണ്ടർ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Sabitha Shiju

സെക്ഷൻ ഓഫീസർ

Date: 05-12-2024 16:16:42